LIBRARY ARCHIVES Kerala Legislative Assembly

ഇടതു-വലതുകര കനാലിന്റെ അനുബന്ധ റോഡുകളുടെ പുനരുദ്ധാരണം

167 (832) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കല്ലട പദ്ധതിയുടെ ഇടതു-വലതുകര കനാലിന്റെ അനുബന്ധ റോഡുകൾ തകർന്ന് ഗതാഗത യോഗ്യമല്ലാതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര കിലോമീറ്റർ റോഡുകൾ പ്രസ്തുത മേഖലയിൽ ഉൾപ്പെടുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ഈ റോഡുകളുടെ നവീകരണത്തിന് ഇതര ഫണ്ടുകൾ ചെലവഴിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8 കിലോമീറ്റർ.

(സി) തുക ചെലവഴിച്ചിട്ടില്ല.

(ഡി) കനാലുകളുടെ അത്യാവശ്യ അറ്റകുറ്റപ്പണികൾക്ക് വേണ്ടിവരുന്ന തുകയ്ക്കപുറമെ അനുവദിക്കപ്പെടുന്ന തുക റോഡ് നവീകരണത്തിനായി ഉപയോഗിക്കുന്നതാണ്. കൂടാതെ പഞ്ചായത്ത് ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് മുതലായവയും അതാത് ഫണ്ടിന്റെ മാനദണ്ഡം അനുസരിച്ച് വിനിയോഗിക്കാവുന്നതാണ്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയും 27-5-2004-ലെ GO(P)No.247/2004/Fin. എന്ന ഉത്തരവിലെ മാനദണ്ഡങ്ങളുടെയും പിൽക്കാലത്ത് പുതുക്കിയ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വിനിയോഗിക്കാവുന്നതാണ്.

പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

168 (833) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-8-2014-ന് 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന പട്ടുവത്തെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;